DFA

**17.01.2017 ന് സാമൂഹ്യനീതി വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ ചേമ്പറിൽ ചേർന്ന ICPS എക്സിക്യൂട്ടീവ് കമ്മിറ്റി & സ്റ്റേറ്റ് ലെവൽ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റിയുടെ പത്തൊൻപതാമത് യോഗത്തിന്റെ മിനിട്ട്സ്**

**ഹാജർ :**

1. ശ്രീമതി. മിനി ആന്റണി IAS, സ്പെഷ്യൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്.
2. ശ്രീമതി. അനുപമ IAS, ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്
3. ശ്രീമതി.ശ്രീജ.സി.എസ്., ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്.
4. ശ്രീ.റ്റി.റ്റി. സുരേഷ്., അണ്ടർ സെക്രട്ടറി, ഹോം ഡിപ്പാർട്ട്മെന്റ്.
5. ശ്രീമതി. ബീന കുമാരി.എസ്, ജോയിന്റ് സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്.
6. ഡോ.ടി.കെ.ഉമ്മർ ഫറൂക്ക്, അസിസ്റ്റന്റ് പ്രൊഫസർ, മെമ്പർ, എക്സിക്യൂട്ടീവ് കമ്മിറ്റി.
7. ശ്രീ.മൊയ്തീൻ കുട്ടി.കെ., മാനേജിംഗ് ഡയറക്ടർ,KSHPWC മെമ്പർ, എക്സിക്യൂട്ടീവ് കമ്മിറ്റി.
8. ശ്രീ. സജീവ് കുമാർ.എൽ.ആർ., ഫിനാൻസ് ഓഫീസർ, സാമൂഹ്യനീതി വകുപ്പ് വകുപ്പ്.
9. ഡോ.ജി.സുനിൽ കുമാർ, ഡെപ്യൂട്ടി ഡയറക്ടർ, ഹെൽത്ത് സർവ്വീസ്.
10. ശ്രീ.പ്രതാപ ചന്ദ്രൻ.ബി., ലാ ഓഫീസർ, സാമൂഹ്യനീതി വകുപ്പ്
11. ശ്രീ. നിജോ സെബാസ്റ്റ്യൻ, പ്രോഗ്രാം മാനേജർ, SARA
12. ശ്രീമതി. ഷിമ്ന, പ്രോഗ്രാം കോ.ഓർഡിനേറ്റർ, കേരളാ സാമൂഹ്യ സുരക്ഷാമിഷൻ.
13. ശ്രീ.എ.എസ്. ഗണേഷ് കുമാർ, പ്രോഗ്രാം മാനേജർ, SCPS

സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും, സ്റ്റേറ്റ് ലെവൽ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റിയുടെയും പത്തൊൻപതാമത് യോഗം സാമൂഹ്യനീതി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ശ്രീമതി. മിനി ആന്റണി IASന്റെ അധ്യക്ഷതയിൽ **17.01.2017** ന് ഉച്ചയ്ക്ക് ശേഷം 2 മണിയ്ക്ക് കൂടി. 20.10.2016 ൽ നടന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ എടുത്ത തീരുമാനപ്രകാരം സ്വീകരിച്ച നടപടികളെക്കുറിച്ച് എസ്.സി.പി.എസ്. പ്രോഗ്രാം മാനേജർ യോഗത്തിൽ വിശദീകരിച്ചു.

തുടർന്ന് അജണ്ടക്കുറിപ്പ് പ്രകാരമുള്ള കാര്യങ്ങൾ യോഗം ചർച്ച ചെയ്ത് താഴെപറയുന്ന തീരുമാനങ്ങൾ എടുത്തു:-

**തീരുമാനം – 1**

**ചൈൽഡ് കെയർ സ്ഥാപനങ്ങളിൽ സി.സി.ടി.വി. സ്ഥാപിക്കുന്നത് സംബന്ധിച്ച്:-**

സാമൂഹ്യ നീതി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ ജുവനൈൽ ജസ്റ്റിസ് സ്ഥാപനങ്ങളിലും സി.സി.റ്റി.വി ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള അനുമതിയ്ക്കായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. കെൽട്രോണും അതുപോലെ സർക്കാർ എംപാനൽ ചെയ്തിട്ടുള്ള ഏജൻസികളുമായി ആലോചിച്ച് വിശദമായ പ്രൊപ്പോസൽ അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ സമർപ്പിയ്ക്കുവാൻ തീരുമാനിച്ചു.

**തീരുമാനം - 2**

**<u>കോട്ടയം തിരുവഞ്ചൂർ ഗവ ചിൽഡ്രൻസ് ഹോമിൽ അസാപ്പ് പരിശീലന പരിപാടി നടപ്പിലാക്കുന്നതിലേയ്ക്കായി സ്ഥാപനസൂപ്രണ്ടിന്റെ പേരിൽ അക്കൗണ്ട് തുടങ്ങുന്നത് സംബന്ധിച്ച്:-</u>**

കോട്ടയം തിരുവഞ്ചൂർ ഗവ ചിൽഡ്രൻസ് ഹോമിലെ കുട്ടികൾക്ക് അസാപ്പിന്റെ ഫൗണ്ടേഷൻ മോഡ്യൂൾ പരിശീലനം നൽകുന്നതിന്റെ ഭാഗമായി കോഴ്സ് നടത്തിപ്പുമായി ബന്ധപ്പെട്ടുള്ളവർക്ക് ഹോണറേറിയം, റീഫ്രഷ്മെന്റ് എന്നീ ഇനങ്ങളിൽ അസാപ്പ് ലഭ്യമാക്കുന്ന തുക മാറി എടുക്കുന്നതിനായി സ്ഥാപന സൂപ്രണ്ടിന്റെ പേരിൽ ഒരു ബാങ്ക് അക്കൗണ്ട് തുറക്കണമെന്ന ആവശ്യം സംബന്ധിച്ച വിശദമായ പ്രൊപ്പോസൽ സർക്കാരിന് സമർപ്പിയ്ക്കുവാൻ യോഗം നിർദ്ദേശിച്ചു.

**തീരുമാനം - 3**

**<u>കോഴിക്കോട് ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസിലെ കുട്ടികൾക്ക് ഡീ-ഇൻസ്റ്റിറ്റ്യൂഷണലൈസേഷൻ പദ്ധതി പ്രകാരം റസിഡൻഷ്യൽ വിദ്യാഭ്യാസ ചെലവിനത്തിലുള്ള തുക അനുവദിക്കുന്നത് സംബന്ധിച്ച്:-</u>**

കോഴിക്കോട് വെള്ളിമാട്കുന്ന് ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസിലെ 18 കുട്ടികൾക്ക് ഡീ-ഇൻസ്റ്റിറ്റ്യൂഷണലൈസേഷൻ പദ്ധതി പ്രകാരം 2016-17 അദ്ധ്യയന വർഷത്തിൽ ഒരു കുട്ടിയ്ക്ക് 30,000/-രൂപ നിരക്കിൽ 18 കുട്ടികൾക്ക് 5,40,000/-രൂപ സ്ഥാപനത്തിന്റെ സൂപ്രണ്ടിന്റെ പേരിൽ അനുവദിക്കുവാൻ അനുമതി നൽകുകയും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കുവാൻ സൂപ്രണ്ടിന് നിർദ്ദേശം നൽകണമെന്നും യോഗം നിർദ്ദേശിച്ചു.

**തീരുമാനം - 4**

**<u>വിവിധ ജില്ലകളിൽ പെൺകുട്ടികൾക്കായി ഹോമുകൾ തുടങ്ങുന്നത് സംബന്ധിച്ച്:-</u>**

ചുവടെ പറയുന്ന 8 ജില്ലകളിൽ NGO അക്രഡിറ്റേഷൻ ലഭിച്ച സ്ഥാപനങ്ങളിൽ നിന്നോ അക്രിഡിറ്റേഷൻ ലഭിച്ച സ്ഥാപനങ്ങളുടെ അഭാവത്തിൽ ചിൽഡ്രൻസ് ഹോം നടത്തുവാൻ താൽപര്യമുള്ള മറ്റ് NGO സ്ഥാപനങ്ങളിൽ നിന്നോ സർക്കാരിന്റെ ധനസഹായത്തോടെ (ഐ.സി.പി.എസ്. ഗൈഡ്‌ലൈൻ പ്രകാരം) പെൺകുട്ടികൾക്കുള്ള ഹോം തുടങ്ങുന്നതിനുള്ള അപേക്ഷ ക്ഷണിയ്ക്കുവാൻ അനുമതി നൽകി. പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് അപേക്ഷ

സ്വീകരിച്ച് പരിശോധന നടത്തി അനുവാദത്തിനായി സർക്കാരിന് പ്രൊപ്പോസൽ സമർപ്പിയ്ക്കുവാൻ യോഗം തീരുമാനിച്ചു.

1. തിരുവനന്തപുരം
2. പത്തനംതിട്ട
3. കോട്ടയം
4. ഇടുക്കി
5. പാലക്കാട്
6. മലപ്പുറം
7. വയനാട്
8. കാസർഗോഡ്

**തീരുമാനം - 5**

**ഒബ്സർവേഷൻ ആൻഡ് സ്പെഷ്യൽ ചിൽഡ്രൻസ് ഹോമുകൾ ഒബ്സർവേഷൻ ഹോം ആയോ ചിൽഡ്രൻസ് ഹോം ആയോ പുനർനിർണ്ണയിക്കുന്നത് സംബന്ധിച്ച്:-**

പത്തനംതിട്ട, പാലക്കാട്, മലപ്പുറം, കണ്ണൂർ,വയനാട് ജില്ലകളിലെ ഒബ്സർവേഷൻ ഹോം ആന്റ് ചിൽഡ്രൻസ് ഹോമുകളെ ചിൽഡ്രൻസ് ഹോമുകളായും കാസർഗോഡ് ഒബ്സർവേഷൻ ഹോം ആന്റ് സ്പെഷ്യൽ ചിൽഡ്രൻസ് ഹോമിനെ ഒബ്സർവേഷൻ ഹോമായും മാറ്റുന്നതിന് അനുമതി നൽകി.

അപ്രകാരം ഹോമുകൾ പുനർനിശ്ചയിക്കുമ്പോൾ രണ്ട്ജില്ലകൾക്ക് ഒരു ഒബ്സർവേഷൻ ഹോം എന്ന രീതിയിൽ ക്രമീകരിക്കുവാനും യോഗം അനുമതി നൽകി. മേൽപറഞ്ഞ പ്രകാരം മാറ്റങ്ങൾ വരുത്തുമ്പോൾ ഒബ്സർവേഷൻ ഹോം ആന്റ് സ്പെഷ്യൽ ചിൽഡ്രൻസ് ഹോമിന്റെ സ്റ്റാഫിനെ ചിൽഡ്രൻസ് ഹോമിനായുള്ള സ്റ്റാഫായി പുനർനിശ്ചയിക്കണം.

കാസർഗോഡ് ജില്ലയിലെ ഒബ്സർവേഷൻ ഹോമിലെ സ്റ്റാഫിന്റെ കാര്യത്തിൽ തൽസ്ഥിതി തുടരാവുന്നതാണ്.

**തീരുമാനം - 6**

**ആലപ്പുഴ നൂറനാട് ഗവ ചിൽഡ്രൻസ് ഹോമിൽ കുട്ടികളുടെ വസ്ത്രങ്ങൾ സൂക്ഷിക്കുന്നതിനായി അലമാര വാങ്ങുന്നത് സംബന്ധിച്ച്:-**

ആലപ്പുഴ നൂറനാട് ഗവ ചിൽഡ്രൻസ് ഹോമിൽ കുട്ടികളുടെ വസ്ത്രങ്ങൾ സൂക്ഷിക്കുവാൻ 43047/- (നാൽപത്തി മൂവായിരത്തി നാൽപ്പത്തിയേഴ് രൂപ മാത്രം) രൂപ കവിയാതെ നാല് സ്റ്റീൽ അലമാരകൾ സ്റ്റോർ പർച്ചേഴ്സ് റൂൾ പ്രകാരം വാങ്ങുന്നതിന് യോഗം അനുമതി നൽകി.

**തീരുമാനം - 7**

**<u>വയനാട് കണിയാമ്പറ്റ ഗവ ഒബ്സർവേഷൻ ആൻഡ് സ്പെഷ്യൽ ചിൽഡ്രൻസ് ഹോമിലേയ്ക്ക് ക്യാഷ് ചെസ്റ്റ് വാങ്ങുന്നതിനുള്ള തുക അനുവദിക്കുന്നത് സംബന്ധിച്ച്:-</u>**

വയനാട് കണിയാമ്പറ്റ ഗവ ഒബ്സർവേഷൻ ആൻഡ് സ്പെഷ്യൽ ചിൽഡ്രൻസ് ഹോമിന്റെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ക്യാഷ് ചെസ്റ്റ് വാങ്ങുന്നതിന് സ്ഥാപനസൂപ്രണ്ട് ക്ഷണിച്ച ക്വട്ടേഷനുകളിൽ കുറഞ്ഞ നിരക്കായ 53,499/- (അമ്പത്തി മൂവായിരത്തി നാനൂറ്റി തൊണ്ണൂറ്റി ഒൻപത് രൂപ മാത്രം) രൂപ രേഖപ്പെടുത്തിയ തോംസൺസ് അസോസിയേറ്റ്സ്, കൽപ്പറ്റ എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും തുക അനുവദിക്കുകയും ചെയ്തു.

**തീരുമാനം - 8**

**<u>കണ്ണൂർ തലശ്ശേരി ഗവ ഒബ്സർവേഷൻ ആൻഡ് സ്പെഷ്യൽ ചിൽഡ്രൻസ് ഹോമിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടർ, സ്റ്റീൽ ക്യാബിനറ്റ്, റിവോൾവിംഗ് ചെയർ എന്നിവ വാങ്ങുന്നതിനുള്ള തുക അനുവദിക്കുന്നത് സംബന്ധിച്ച്:-</u>**

കണ്ണൂർ തലശ്ശേരി ഗവ ഒബ്സർവേഷൻ ആൻഡ് സ്പെഷ്യൽ ചിൽഡ്രൻസ് ഹോമിന്റെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടർ, യു.പി.എസ്,എന്നിവ വാങ്ങുവാൻ ലഭിച്ച ക്വട്ടേഷനുകളിൽ ഇഗാപോ, ഐശ്വര്യ കോംപ്ലക്സ്, തലശ്ശേരി, കണ്ണൂർ എന്ന സ്ഥാപനം നൽകിയ 41,200/- രൂപയുടെ ക്വട്ടേഷൻ അംഗീകരിക്കുകയും തുക അനുവദിയ്ക്കുകയും ചെയ്തു.

കമ്പ്യൂട്ടർ വാങ്ങുമ്പോൾ IT ഡിപ്പാർട്ട്മെന്റിന്റെ ഗൈഡ്‌ലൈൻ അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുവാൻ സൂപ്രണ്ടിനോട് ആവശ്യപ്പെടണമെന്നും നിർദ്ദേശിച്ചു.

**തീരുമാനം - 9**

**<u>കോട്ടയം തിരുവഞ്ചൂർ ഗവ ചിൽഡ്രൻസ് ഹോം പുതിയ കെട്ടിടത്തിന്റെ പണി പൂർത്തിയായ സാഹചര്യത്തിൽ സ്ഥാപനത്തിലേയ്ക്ക് ഫർണ്ണിച്ചർ, കുട്ടികൾക്കായി മെത്ത എന്നിവ വാങ്ങുന്നത് സംബന്ധിച്ച്:-</u>**

കോട്ടയം തിരുവഞ്ചൂർ ഗവ ചിൽഡ്രൻസ് ഹോമിലെ 13,127 സ്ക്വയർ ഫീറ്റ് വരുന്ന ഡോർമറ്ററികളും ഓഫീസ് സൗകര്യങ്ങളും പുതിയ അടുക്കളയും അടക്കം പുതിയ കെട്ടിടത്തിന്റെ പണി പൂർത്തിയായ സാഹചര്യത്തിൽ സ്ഥാപനത്തിലേയ്ക്കാവശ്യമായ താഴെപറയുന്ന ഫർണ്ണിച്ചറുകൾ, മെത്ത എന്നിവ 6,20,793/-രൂപ കവിയാതെ സ്റ്റോർ പർച്ചേയ്സ് റൂൾസ് പ്രകാരം വാങ്ങുന്നതിന് അനുമതി നൽകി.

ഫർണീച്ചർ:

| നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | റിസപ്ഷൻ ടേബിൾ | 1 |
| 2 | ഹൈബാക്ക് കുഷൻ ചെയർ | 15 |
| 3 | പ്ലാസ്റ്റിക് ആം ചെയർ | 150 |
| 4 | സ്റ്റീൽ ക്യാബിനറ്റ് | 5 |
| 5 | ഡെസ്ക് | 10 |
| 6 | ബെഞ്ച് | 10 |
| പരമാവധി ചെലവാക്കാവുന്ന തുക = 4,94,283/- രൂപ | | |

മെത്തകൾ:-

| നമ്പർ | ഇനം | എണ്ണം | പരമാവധി ചെലവാക്കാവുന്ന തുക = 1,26,510/- രൂപ |
|---|---|---|---|
| 1 | റെക്സിൻ മാട്രസ്സ് (50 എണ്ണം) | 50 എണ്ണം | |

പരമാവധി ചെലവാക്കാവുന്ന **ആകെ** തുക = **4,94,283/-രൂപ + 1,26,510/-രൂപ = 6,20,793/-രൂപ**

(ആറ് ലക്ഷത്തി ഇരുപതിനായിരത്തി എഴുനൂറ്റി തൊണ്ണൂറ്റി മൂന്ന് രൂപ മാത്രം)

**തീരുമാനം - 10**

**<u>എറണാകുളം കാക്കനാട് ഗവ ചിൽഡ്രൻസ് ഹോമിൽ നിന്നും വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ താമസിച്ച് പഠിക്കുന്ന കുട്ടികളുടെ ബോർഡിംഗ് ഫീസ് അനുവദിക്കുന്നത് സംബന്ധിച്ച്:-</u>**

എറണാകുളം കാക്കനാട് ഗവ ചിൽഡ്രൻസ് ഹോമിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഹോസ്റ്റലുകളിൽ താമസിച്ചു പഠിച്ചുവരുന്ന താഴെപ്പറയുന്ന പട്ടിക പ്രകാരമുള്ള 25 കുട്ടികൾക്ക്, 2016 ജൂൺ മുതൽ 2016 ഒക്ടോബർ വരെയുള്ള കാലയളവിൽ ബോർഡിംഗ് ഫീസായി 2,69,622/-രൂപ അനുവദിച്ച് നൽകുവാൻ അനുമതി നൽകി.

| നമ്പർ | വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പേര് | കുട്ടികളുടെ പേരു വിവരങ്ങൾ | പഠിക്കുന്ന ക്ലാസ്സ് | കാലയളവ് | തുക |
|---|---|---|---|---|---|
| 1 | സെന്റ് ജോസഫ് ലിറ്റിൽ ഫ്ലവർ ബോർഡിംഗ് | നന്ദിനി<br>നോസ്സി<br>സുനില<br>വിജയ | 7 | ബോർഡിംഗ് ഫീസ് (2016 ജൂൺ മുതൽ 2016 സെപ്റ്റംബർ വരെ) | 38,022 /-രൂപ |
| 2 | സെന്റ് തെരേസസ്സ് കോൺവന്റ്, എച്ച്.എസ്.എസ് | തുഷാര.എസ്<br>ബിൻസി.ജി<br>അശ്വതി അരവിന്ദ് | പ്ലസ് വൺ, പ്ലസ് ടു | ബോർഡിംഗ് ഫീസ് (2016 ജൂൺ മുതൽ 2016 ഒക്ടോബർ വരെ) | 54,600/-രൂപ |
| 3 | എൽ.എം.സി.സി. പച്ചാളം | നിഗരാജ്<br>രിഗരാജ്<br>ആരതി<br>ആതിര മോാം<br>ഷക്കീല | 10,8 | ബോർഡിംഗ് ഫീസ് (2016 ജൂൺ മുതൽ 2016 സെപ്റ്റംബർ വരെ) | 1,77,000/-രൂപ |

| | | | | | |
|---|---|---|---|---|---|
| | | അമല<br>അനശ്വര<br>അയന<br>മരിയ ജാസ്മിൻ<br>പ്രദീപ്<br>ഈശ്വരി.എ<br>ഷൈബി ബി<br>നോയ്<br>ശിൽപ മിസലാൽ<br>സ്വാതി പി<br>സന്തോഷ്<br>ദിവ്യ ബാബു<br>സുജിത | | | |
| | | | | 2,69,622/-രൂപ | |

**തീരുമാനം - 11**

**<u>എറണാകുളം ഗവ ചിൽഡ്രൻസ് ഹോമിൽ തയ്യൽ ടീച്ചറുടെ സേവനം പുതുക്കുന്നതും വേതനം അനുവദിക്കുന്നതും സംബന്ധിച്ച്;</u>**

എറണാകുളം കാക്കനാട് ഗവ ചിൽഡ്രസ് ഹോമിലെ അന്യസംസ്ഥാനക്കാർ ഉൾപ്പെടെ സ്കൂളിൽ പോകാൻ കഴിയാത്ത കുട്ടികൾക്കായി 2015-16 സാമ്പത്തിക വർഷത്തിൽ സ്ഥാപനത്തിൽ വച്ച് തന്നെ തയ്യൽ ടീച്ചറുടെ നേതൃത്വത്തിൽ സ്ഥാപനത്തിലെ കുട്ടികൾക്ക് തയ്യൽ പരിശീലനം നൽകി വന്നിരുന്നു. ഈ പരിശീലനത്തിന്റെ ഭാഗമായി ടീച്ചർമാർക്ക് വേണ്ടി അനുവദിച്ച തുകയിൽ ബാക്കിയുള്ള 3000/-രൂപ 2016-17 വർഷത്തെ തയ്യൽ പരിശീലനത്തിന് വിനിയോഗിയ്ക്കുവാനും നടപ്പു സാമ്പത്തിക വർഷത്തിൽ ടൈലറിംഗ് ടീച്ചറുടെ ഹോണറേറിയം ഇനത്തിൽ 87,000/-രൂപ അനുവദിക്കുവാനും തീരുമാനിച്ചു. തയ്യൽ ടീച്ചറുടെ സേവനം തൃപ്തികരമാണെങ്കിൽ മാത്രമേ തുക അനുവദിക്കയ്ക്കുവാൻ പാടുള്ളൂ എന്നും നിർദ്ദേശിച്ചു.

**തീരുമാനം - 12**

**<u>കണ്ണൂർ തലശ്ശേരി ഗവ ഒബ്സർവേഷൻ ആൻഡ് സ്പെഷ്യൽ ചിൽഡ്രൻസ് ഹോമിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു മൾട്ടി പർപ്പസ് ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങുന്നതിലേയ്ക്കായി തുക അനുവദിക്കുന്നത് സംബന്ധിച്ച്:-</u>**

കണ്ണൂർ തലശ്ശേരി ഗവ ഒബ്സർവേഷൻ ആൻഡ് സ്പെഷ്യൽ ചിൽഡ്രൻസ് ഹോമിന്റെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു മൾട്ടി പർപ്പസ് ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങുന്നതിലേയ്ക്കായി സ്ഥാപന സൂപ്രണ്ട് ക്ഷണിച്ച ക്വട്ടേഷനുകളിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത കോർപ്പറേറ്റ് ബിസിനസ് സൊല്യൂഷൻ, സെന്റൽ ബസ് ടെർമിനൽ കോംപ്ലക്സ്, കണ്ണൂർ എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ

അംഗീകരിക്കുവാനും ക്വട്ടേഷൻ നിരക്കായ 39,220/- രൂപ അനുവദിക്കുവാനും കമ്മിറ്റി തീരുമാനിച്ചു.

**തീരുമാനം - 13**

**<u>കണ്ണൂർ സി.ഡബ്ല്യു.സി/ജെ.ജെ.ബിയ്ക്ക് സിറ്റിംഗ് ഹാൾ പണിയുന്നത് സംബന്ധിച്ച്</u>**

കണ്ണൂർ തലശ്ശേരി ഗവ ഒബ്സർവേഷൻ ആൻഡ് സ്പെഷ്യൽ ചിൽഡ്രൻസ് ഹോമിനോട് ചേർന്നുള്ള ആഫ്റ്റർ കെയർ ഹോം പരിസരത്ത് ഉപയോഗിക്കാതെ കിടക്കുന്ന 3 സെൻറ് സ്ഥലത്ത് സി.ഡബ്ല്യു.സി. ക്കും, ജെ.ജെ.ബി.യ്ക്കുമായി പുതിയ സിറ്റിംഗ് ഹാൾ പണിയുന്നതിന് കണ്ണൂർ നിർമ്മിതി കേന്ദ്രത്തിൻെറ 17,00,000/- രൂപയുടെ പ്രൊപ്പോസൽ യോഗം പരിശോധിച്ചു. പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ അടങ്ങിയ കൂടുതൽ വിശദമായ പ്രൊപ്പോസൽ അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ സമർപ്പിയ്ക്കുവാൻ നിർദ്ദേശിച്ചു.

കൂടാതെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അധികാരങ്ങൾ സംബന്ധിച്ചുള്ള ബൈലാ അടുത്ത യോഗത്തിൽ സമർപ്പിയ്ക്കുവാൻ അദ്ധ്യക്ഷ ആവശ്യപ്പെട്ടു.

**തീരുമാനം - 14**

**<u>മലപ്പുറം തവനൂർ ഗവ ചിൽഡ്രൻസ് ഹോം പഴയ പ്രതീക്ഷാ ഭവൻ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിൻെറ ഭാഗമായി സ്ഥാപനത്തിൽ ഇലക്ട്രിക്കൽ മെയിൻറനൻസ് ചെയ്യുന്നതിനുള്ള തുക അനുവദിക്കുന്നത് സംബന്ധിച്ച്:-</u>**

മലപ്പുറം തവനൂർ ഗവ ചിൽഡ്രൻസ് ഹോം പഴയ പ്രതീക്ഷാ ഭവൻ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിൻെറ ഭാഗമായി ഇലക്ട്രിക്കൽ ജോലികൾ ചെയ്യുന്നതിന് പി.ഡബ്ല്യു.ഡി എസ്റ്റിമേറ്റ് പ്രകാരമുള്ള 3,00,000/-രൂപ അനുവദിച്ചു.

**തീരുമാനം - 15**

**<u>കണ്ണൂർ തലശ്ശേരി ഗേൾസ് ഹോമിന് ചുറ്റുമതിൽ നിർമ്മിക്കുന്നതിനുള്ള തുക അനുവദിക്കുന്നത് സംബന്ധിച്ച്.</u>**

കണ്ണൂർ തലശ്ശേരി ഗേൾസ് ഹോമിന് സുരക്ഷ ഉറപ്പു വരുത്തുന്നതിനു വേണ്ടി ചുറ്റുമതിൽ ഉയരം കൂട്ടുന്നതിന് പി.ഡബ്ല്യു.ഡി.-യുടെ 5,10,000/-രൂപയുടെ എസ്റ്റിമേറ്റ് സഹിതം സൂപ്രണ്ട് അപേക്ഷിച്ചിരുന്നു. ആയത് യോഗം പരിശോധിച്ചു. പ്ലാൻ എസ്റ്റിമേറ്റ് സഹിതമുള്ള പ്രൊപ്പോസൽ അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ സമർപ്പിയ്ക്കുവാൻ നിർദ്ദേശിച്ചു.

തീരുമാനം - 16

**എറണാകുളം ഗവ ഒബ്സർവേഷൻ ഹോമിലേയ്ക്ക് കുഴൽകിണർ നിർമ്മിക്കുന്നതിനുള്ള അനുമതിയും ഫർണ്ണിച്ചർ ലഭ്യമാക്കുന്നതിനുള്ള അനുമതിയും സംബന്ധിച്ച്:-**

എറണാകുളം ഗവ:ഒബ്സർവേഷൻ ഹോമിലെ ജലദൗർലഭ്യം പരിഹരിക്കുന്നതിന് കുഴൽ കിണർ നിർമ്മിക്കുന്നതിന് 47,000/-രൂപ അനുവദിക്കുവാൻ യോഗം അനുമതി നൽകി.

ഫർണീച്ചർ വാങ്ങുന്നതിന് സമർപ്പിച്ച പ്രൊപ്പോസൽ ഐ.സി.പി.എസ്.ലെ ഒരു ഉദ്യോഗസ്ഥൻ അന്വേഷണം നടത്തി ആയതിന്റെ ആവശ്യകത പരിശോധിച്ച് ഉറപ്പാക്കിയതിനുശേഷം സ്റ്റോർസ് പർച്ചേഴ്സ് റൂൾസ് പ്രകാരം തുക അനുവദിക്കുവാൻ ഡയറക്ടർറെ ചുമതലപ്പെടുത്തി.

തീരുമാനം - 17

**കോഴിക്കോട് വെള്ളിമാട്കുന്ന് ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സിന്റെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കുട്ടികൾക്ക് ആവശ്യമായ ഫർണ്ണിച്ചർ വാങ്ങുന്നത് സംബന്ധിച്ച്:-**

കോഴിക്കോട് വെള്ളിമാട്കുന്ന് ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സിന്റെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കുട്ടികൾക്ക് ആവശ്യമായ ഫർണ്ണിച്ചർ വാങ്ങുന്നതിന് 4,93,607/- രൂപ കവിയാതെ താഴെപറയുന്ന 9 ഇനം സാധനങ്ങൾ സ്റ്റോർസ് പർച്ചേഴ്സ് റൂൾസ് പ്രകാരം വാങ്ങുന്നതിനുള്ള അനുമതി നൽകി.

| നം | ഇനം | എണ്ണം |
|---|---|---|
| 1 | ആഞ്ഞിലി ടേബിൾ | 10 |
| 2 | ആഞ്ഞിലി വുഡ് ആം ചെയർ | 40 |
| 3 | വൈറ്റ് ബോർഡ് | 3 |
| 4 | സ്റ്റീൽ ക്യാബിനറ്റ് വിത്ത് 3 ഷെൽഫുകൾ | 20 |
| 5 | സ്റ്റീൽ അലമാര വിത്ത് 4 ഷെൽഫുകൾ | 4 |
| 6 | സ്റ്റീൽ സ്ലോട്ടഡ് ആംഗിൾ റാക്ക് (6 പാനൽ) | 2 |
| 7 | സ്റ്റീൽ സ്ലോട്ടഡ് ആംഗിൾ റാക്ക് (3 പാനൽ) | 1 |
| 8 | കണ്ടെയ്നർ വിത്ത് സ്റ്റാൻഡ് 90 x 60 x 60 cm | 6 |
| 9 | കണ്ടെയ്നർ വിത്ത് സ്റ്റാൻഡ് 120 x 90 x 60 cm | 2 |

തീരുമാനം - 18

**കോഴിക്കോട് വെള്ളിമാട്കുന്ന് ഗവ ഒബ്സർവേഷൻ ഹോമിന്റെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച്:-**

കോഴിക്കോട് വെള്ളിമാട്കുന്ന് ഗവ ഒബ്സർവേഷൻ ഹോമിൽ ഒരു കൗൺസിലിംഗ് റൂം നിർമ്മിക്കുന്നതിനായി 10 ലക്ഷം രൂപയുടെ പി.ഡബ്ല്യു.ഡി-യുടെ എസ്റ്റിമേറ്റ് സഹിതമുള്ള പ്രൊപ്പോസൽ അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ സമർപ്പിക്കുവാൻ തീരുമാനിച്ചു.

തീരുമാനം - 19

**എറണാകുളം ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസിൽ "അരങ്ങ്" എന്ന പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച്:-**

എറണാകുളം ഗവ ചിൽഡ്രൻസ് ഹോമിലെ കുട്ടികൾക്ക് വേണ്ടിയുള്ള "അരങ്ങ്" എന്ന പരിപാടി നടത്തുന്നതിനുള്ള 90,000/-രൂപയുടെ പ്രൊപ്പോസൽ യോഗം പരിശോധിച്ചു. പരിപാടി സംബന്ധിച്ച് വ്യക്തമായ വിവരം ശേഖരിച്ച് റിസോഴ്സ് പേഴ്സൺസിന്റെ യോഗ്യത, പരിപാടി നടത്തുന്നതിനുള്ള പങ്ക് എന്നിവ വ്യക്തമാക്കി വിശദമായ പ്രൊപ്പോസൽ അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ സമർപ്പിയ്ക്കുവാൻ നിർദ്ദേശം നൽകി.

തീരുമാനം - 20

**'ശരണബാല്യം' :- ശബരിമലയെ ബാലചൂഷണ-ബാലവേല-ബാലഭിക്ഷാടന- വിമുക്തമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയുള്ള പ്രൊപ്പോസൽ സംബന്ധിച്ച്:-**

ശബരിമലയെ ബാലചൂഷണ-ബാലവേല-ബാലഭിക്ഷാടന- വിമുക്തമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ പത്തനംതിട്ട ഡി.സി.പി.യുടെ ആഭിമുഖ്യത്തിൽ 2017 ജനുവരി 1 മുതൽ 2017 മാർച്ച് 31 വരെയുള്ള കാലയളവിൽ നടത്തുവാൻ ഉദ്ദ്യേശിക്കുന്ന വിവിധപ്രവർത്തനങ്ങൾക്കായി (ബോധവൽക്കരണം, ഫോക്കസ് ഗ്രൂപ്പ് ഡിസ്കഷൻ, ഐ.ഇ.സി. മെറ്റീരിയലുകൾ വികസിപ്പിച്ചെടുക്കൽ, ഡോക്യുമെന്റേഷൻ എന്നീ പ്രവർത്തനങ്ങൾ) 1,65,000/- (ഒരു ലക്ഷത്തി അറുപത്തി അയ്യായിരം രൂപ മാത്രം) രൂപ അനുവദിക്കുവാൻ തീരുമാനിച്ചു.

തീരുമാനം - 21

**തിരുവനന്തപുരം ജില്ലയിൽ ഫോസ്റ്റർകെയർ പദ്ധതി "സനാഥബാല്യം" നടപ്പിലാക്കുന്നതിനുള്ള അനുമതി സംബന്ധിച്ച്.**

തിരുവനന്തപുരം ഡിസ്ട്രിക്ട് ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ സ്ഥാപനത്തിൽ നിർത്താതെ കുട്ടികളെ കുടുംബാന്തരീക്ഷത്തിൽ വളരാൻ അനുവദിയ്ക്കുക എന്ന

ലക്ഷ്യത്തോടെയുള്ള "സനാഥബാല്യം" എന്ന പേരിൽ ഒരു ഫോസ്റ്റർ കെയർ പദ്ധതി ജില്ലയിൽ നടത്തുന്നതിനായി 2,61,000/- (രണ്ട് ലക്ഷത്തി അറുപത്തിയൊന്നായിരം രൂപ മാത്രം) രൂപയുടെ പ്രൊപ്പോസൽ യോഗം അംഗീകരിച്ചു.

**തീരുമാനം - 22**

**<u>ചൈൽഡ് വെൽഫയർ കമ്മിറ്റികളുടെ സിറ്റിംഗ് ജെ.ജെ. മോഡൽ റൂൾ അനുസരിച്ച് നടപ്പിലാക്കുന്നതിനുള്ള അനുമതി സംബന്ധിച്ച്.</u>**

നിലവിൽ ചൈൽഡ് വെൽഫയർ കമ്മിറ്റികളുടെ സിറ്റിംഗ് ഒരു മാസത്തിൽ 12 തവണയാണ് നട ത്തുന്നത്. എന്നാൽ ജെ.ജെ മോഡൽ റൂൾ 2016 അനുസരിച്ച് എല്ലാ പ്രവർത്തി ദിവസവും ആറ് മണിക്കൂറെങ്കിലും സിറ്റിംഗ് നടത്തണമെന്ന് നിഷ്കർഷിക്കുന്നു. ആയത് നടപ്പിലാക്കുന്നതിന് സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ നൽകുവാൻ യോഗം നിർദ്ദേശിച്ചു.

**തീരുമാനം - 23**

**<u>കണ്ണൂരിൽ നടക്കുന്ന 57-ാമത് സ്കൂൾ കലോത്സവം- എക്സിബിഷൻ സ്റ്റാൾ ഒരുക്കുന്നത് സംബന്ധിച്ച്:-</u>**

2017 ജനുവരി 16 മുതൽ 22 വരെ കണ്ണൂരിൽ നടക്കുന്ന 57-ാമത് സംസ്ഥാന സ്കൂൾ കലോത്സവ ത്തിന്റെ ഭാഗമായി നടക്കുന്ന എക്സിബിഷനിൽ കണ്ണൂർ ജില്ലാ ശിശുസംരക്ഷണ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഒരു സ്റ്റാൾ ഒരുക്കുന്നതിന് 16,000/- രൂപ അനുവദിച്ചു.

**തീരുമാനം - 24**

**<u>SOS ചിൽഡ്രൻസ് വില്ലേജ്, തൃശ്ശൂർ സമർപ്പിച്ച 'Community outreach programme for vulnerable children' എന്ന ഒരു പ്രോജക്ട് പ്രൊപ്പോസൽ സംബന്ധിച്ച് :-</u>**

തൃശ്ശൂർ ജില്ലയിലെ സ്ത്രീകൾ കുടുംബനാഥയായിട്ടുള്ള കുടുംബങ്ങളിൽ സുരക്ഷിതരല്ലാത്ത അവസ്ഥയിൽ ജീവിയ്ക്കുന്നതും മറ്റ് വിഷമ സാഹചര്യങ്ങളിൽപ്പെട്ടിട്ടുള്ളതുമായ 323 കുട്ടികളുടെ സർവോന്മുഖമായ വളർച്ചയും വികാസവും ലക്ഷ്യമിട്ടുകൊണ്ട് SOS ചിൽഡ്രൻസ് വില്ലേജ് സമർപ്പിച്ച 'Community outreach programme for vulnerable children' എന്ന പ്രോജക്ട് പ്രൊപ്പോ സൽ കൂടുതൽ വിശദ പരിശോധനയ്ക്കുശേഷം അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ സമർപ്പിയ്ക്കുവാൻ ആവശ്യപ്പെട്ടു.

**തീരുമാനം - 25**

**<u>2016-17 സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾക്കായി SARA ക്ക് ഫണ്ട് അനുവദിക്കു ന്നത് സംബന്ധിച്ച്:-</u>**

State Adoption Resource Agency യുടെ നടപ്പ് സാമ്പത്തിക വർഷത്തെ പ്രവർത്തന ങ്ങൾക്കായി ഐ.സി.പി.എസ്. ഗൈഡ്ലൈൻ പ്രകാരം നടപ്പ് സാമ്പത്തിക വർഷം 15,75,000/- രൂപ അനുവദിക്കുവാൻ യോഗം അനുമതി നൽകി.

**തീരുമാനം - 26**

**2016-17 സാമ്പത്തിക വർഷത്തെ Project Approval Board (PAB) തീരുമാനം: എസ്.സി.പി.എസ്.ന്റെ ട്രഷറി അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുകയിൽ നിന്നും തുക വിനിയോഗിക്കുന്നത് സംബന്ധിച്ച്:-**

എസ്.സി.പി.എസ്.ന്റെ ട്രഷറി അക്കൗണ്ടിൽ നീക്കിയിരുപ്പുള്ള തുകയിൽ നിന്നും പദ്ധതി പ്രവർത്തനങ്ങൾക്കാവശ്യമുള്ള തുക വിനിയോഗിക്കുന്നതിനും നാളിതുവരെ ജെ.ജെ. ഹോമുകളിലെ ജീവനക്കാരുടെ ശമ്പളയിനത്തിൽ കേന്ദ്രസർക്കാർ അനുവദിച്ച തുക കണക്കാക്കി പ്രസ്തുത തുക റസീപ്റ്റ് ഹെഡിലേയ്ക്ക് തിരിച്ചടയ്ക്കുന്നതിനുമുള്ള അനുമതി നൽകണമെന്ന് അഭ്യർത്ഥിച്ചിരുന്നു. ഇതിൽ കേന്ദ്ര ഗവൺമെന്റ് തീരുമാനമനുസരിച്ച് നടപടി സ്വീകരിച്ച് സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യാൻ യോഗം നിർദ്ദേശിച്ചു.

**തീരുമാനം - 27**

**JJB, CWC കളിലെ സിറ്റിംഗ് ഫീ ഉയർത്തുന്നത് സംബന്ധിച്ച്:-**

2015 ലെ ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം JJB, CWC കളിലെ സിറ്റിംഗ് എല്ലാ പ്രവർത്തി ദിവസങ്ങളിലും ഉണ്ടാകണമെന്ന് നിഷ്കർഷിക്കുന്നതിനാൽ സംസ്ഥാനത്തെ ജുവനൈൽ ജസ്റ്റിസ് ബോർഡുകൾ, ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ എന്നീ സ്ഥാപനങ്ങളിലെ അംഗങ്ങൾക്കുള്ള സിറ്റിംഗ് ഫീ 1000/- രൂപയിൽ നിന്ന് 1500/- രൂപയായി ഉയർത്തണമെന്ന ആവശ്യം സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിയ്ക്കുവാൻ യോഗം തീരുമാനിച്ചു.

**തീരുമാനം - 28**

**ജുവനൈൽ ജസ്റ്റീസ് ബോർഡുകളിൽ വാഹനം വാടകയ്ക്ക് എടുക്കുന്നത് സംബന്ധിച്ച്:-**

സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ പ്രവർത്തിയ്ക്കുന്ന ജുവനൈൽ ജസ്റ്റീസ് ബോർഡുകൾക്കും ചൈൽഡ് വെൽഫയർ കമ്മിറ്റികൾക്കും വാഹന സൗകര്യം ഏർപ്പെടുത്തണമെന്ന ആവശ്യം പരിശോധിച്ചതിനുശേഷം വിശദമായ പ്രൊപ്പോസൽ സർക്കാരിനു സമർപ്പിയ്ക്കുവാൻ യോഗം നിർദ്ദേശിച്ചു. ഇത് സംബന്ധിച്ച തീരുമാനമാകുന്നതുവരെ ഈ ആവശ്യത്തിലേയ്ക്ക് ടാക്സി കാർ ഉപയോഗിയ്ക്കാനും സർക്കാർ അംഗീകൃത നിരക്കിൽ ടാക്സി ചാർജ്ജ് നൽകുവാനും തീരുമാനിച്ചു.

**തീരുമാനം - 29**

**സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസി (SAA) കളിൽ അധികമുള്ള കുട്ടികളുടെ സംരക്ഷണ ചെലവ് സംബന്ധിച്ച്:-**

ചൈൽഡ് വെൽഫെയർ കമ്മിറ്റികളിൽ നിന്നും SAA കളിലേയ്ക്ക് അയക്കുന്ന കുട്ടികൾക്ക് Maintenance grant നൽകേണ്ടതിനാലും SAA കൾ അധിക ഫണ്ട് ആവശ്യപ്പെടുന്ന സാഹചര്യത്തിലും ബന്ധപ്പെട്ട ജില്ലാ ശിശുസംരക്ഷണ ഓഫീസറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ

ഇത്തരം സ്ഥാപനങ്ങൾക്ക് ഗ്രാന്റ് അനുവദിക്കുന്നതും ഇതിലേയ്ക്കാവശ്യമായ തുക ഐ.സി.പി.എസ്. സ്റ്റേറ്റ് ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിനുമുള്ള പ്രൊപ്പോസൽ തയ്യാറാക്കി സർക്കാരിലേയ്ക്ക് സമർപ്പിയ്ക്കുവാൻ യോഗം നിർദ്ദേശിച്ചു.

**തീരുമാനം - 30**

**ജില്ലാ തലത്തിൽ സോഷ്യൽ വർക്കേഴ്സിന്റെ പാനൽ അംഗീകരിക്കുന്നത് സംബന്ധിച്ച്:-**

CARA യുടെ പുതുക്കിയ ഗൈഡ്‌ലൈൻ പ്രകാരം ദത്തെടുക്കൽ സംബന്ധമായ ഹോം സ്റ്റഡി റിപ്പോർട്ടുകൾ തയ്യാറാക്കൽ, Prospective Adoptive Parents ന് കൗൺസലിംഗ് നൽകൽ, ദത്തെടുത്തതിനുശേഷമുള്ള തുടർസേവനങ്ങൾ എന്നീ ചുമതലകൾ നിർവഹിക്കുന്നതിന് MSW യോഗ്യതയുള്ളവരും താൽപര്യമുള്ളവരുമായവരെ തെരഞ്ഞെടുത്ത് ഡി.സി.പി.യു.കളിൽ തയ്യാറാക്കിയ ജില്ലാ തല പാനലിന് യോഗം അംഗീകാരം നൽകി. **(അനുബന്ധം ഒന്ന് കാണുക).**

**തീരുമാനം - 31**

**ഓ.ആർ.സി. പ്രോജക്ട് അസിസ്റ്റന്റുമാർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ് തുടങ്ങിയവർക്ക് പ്രവേശനപരിശീലനം നൽകുന്നത് സംബന്ധിച്ച്.**

ഓ.ആർ.സി. പദ്ധതിയ്ക്കു വേണ്ടി ജില്ലാതലത്തിൽ തെരെഞ്ഞെടുത്തിട്ടുള്ള പ്രോജക്ട് അസിസ്റ്റന്റുമാർക്കും, ക്ലിനിക്കൽ സൈക്കോളജിസ്റ്റുമാർക്കും ഓ.ആർ.സി. പദ്ധതിയെക്കുറിച്ചും ജില്ലാതലത്തിൽ നടപ്പിലാക്കേണ്ട പരിപാടികളെക്കുറിച്ചും, ഓഫീസ് കാര്യങ്ങളെക്കുറിച്ചും മറ്റു അനുബന്ധ വിഷയങ്ങളെകുറിച്ചും ഒരാഴ്ച നീണ്ടുനിൽക്കുന്ന ശില്പശാല സംഘടിപ്പിക്കുവാനും ആയതിന് പരമാവധി 1,10,500/- രൂപ (ഒരു ലക്ഷത്തി പതിനായിരത്തി അഞ്ഞൂറ് രൂപ മാത്രം) ചിലവഴിക്കുവാനും യോഗം അനുമതി നൽകി.

**തീരുമാനം - 32**

**ഓ.ആർ.സി.യുടെ സംസ്ഥാന ഓഫീസിലേയ്ക്ക് മേശ, അലമാര തുടങ്ങിയവ വാങ്ങുന്നത് സംബന്ധിച്ച്.**

ഓ.ആർ.സി. സംസ്ഥാനതല ഓഫീസിലേയ്ക്ക് സ്റ്റോർസ് പർച്ചേയ്സ് റൂൾസ് പ്രകാരം താഴെപ്പറയുന്ന ഫർണ്ണീച്ചറുകൾ വാങ്ങുന്നതിന് 1,02,428/- രൂപ അനുവദിച്ചു:-

| ക്രമ നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | അലമാര | 2 |
| 2 | കമ്പ്യൂട്ടർ മേശ | 4 |
| 3 | സ്റ്റീൽ മേശ | 1 |
| 4 | കസേര | 4 |
| 5 | എക്സിക്യൂട്ടീവ് കസേര | 1 |

**തീരുമാനം – 33**

**ഓ.ആർ.സി. പ്രോജക്ട് നടപ്പിലാക്കുന്നതിന് മാർഗ്ഗരേഖ തയ്യാറാക്കുന്നത് സംബന്ധിച്ച്**

ഓ.ആർ.സി. പ്രോജക്ട് വിദ്യാലയങ്ങളിൽ നടപ്പിലാക്കേണ്ടതു സംബന്ധിച്ച മാർഗ്ഗരേഖ തയ്യാറാക്കി അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ സമർപ്പിയ്ക്കുവാൻ ആവശ്യപ്പെട്ടു.

**തീരുമാനം – 34**

**ഐ.സി.പി.എസ്. പദ്ധതിയുടെ ഭാഗമായി ഒരു മൊബൈൽ ആപ് വികസിപ്പിക്കുന്നത് സംബന്ധിച്ച്.**

ഐ.സി.പി.എസ്. പദ്ധതിയുടെ ഭാഗമായി ഒരു മൊബൈൽ ആപ് വികസിപ്പിച്ചെടുന്നത് സംബന്ധിച്ച് കൂടുതൽ വിശദമായ പ്രൊപ്പോസൽ അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ സമർപ്പിയ്ക്കുവാൻ ആവശ്യപ്പെട്ടു.

**തീരുമാനം – 35**

**ഓ.ആർ.സി.യുടെ പ്രോജക്ട് അസിസ്റ്റന്റുമാർക്ക് യാത്രാബത്തയും ടെലിഫോൺ അലവൻസും അനുവദിയ്ക്കുന്നത് സംബന്ധിച്ച്.**

ഓ.ആർ.സി.യുടെ ജില്ലാ പ്രോജക്ട് അസിസ്റ്റുമാർക്ക് സ്കൂളുകൾ സന്ദർശിക്കുന്നതിനും മറ്റു മീറ്റിംഗുകൾ സംഘടിപ്പിക്കുന്നതിനുമായി പ്രതിമാസം 500/- രൂപ യാത്രാബത്തയിനത്തിലും 500/- രൂപ ടെലിഫോൺ ചാർജ്ജ് ഇനത്തിനും ചേർത്ത് ആകെ പ്രതിമാസം 1000/- രൂപ കൺസോളിഡേറ്റഡ് തുക ആയി അനുവദിക്കുവാൻ യോഗം അനുമതി നൽകി.

**തീരുമാനം – 36**

**SCPS ൽ ജോലി ചെയ്യുന്ന രണ്ട് അസിസ്റ്റന്റ് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ സേവന കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച്:**

ഈ ഓഫീസിൽ കരാർ അടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ചുവടെ പറയുന്ന രണ്ട് അസിസ്റ്റന്റ് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ സേവന കാലാവധി തീരുന്ന ദിവസത്തിന്റെ തൊട്ടടുത്ത ദിവസം ബ്രേക്ക് നൽകി, ഐ.സി.പി.എസ്.ഗൈഡ് ലൈനിനു വിധേയമായി, ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിക്കുന്നതിന് സാമൂഹ്യനീതി ഡയറക്ടർക്ക് നിർദ്ദേശം നൽകി.

| ക്രമ നം | കരാർ ജീവനക്കാരുടെ പേരും തസ്തികയും | നിലവിലെ കാലാവധി തീരുന്ന തീയതി |
|---|---|---|
| 1 | ശ്രീമതി. ദൃശ്യ കൃഷ്ണൻ.പി.ആർ , അസിസ്റ്റന്റ് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ. | 08.12.2016 |
| 2 | ശ്രീമതി. ശശികല.വി.വി അസിസ്റ്റന്റ് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ. | 16.01.2017 |

തീരുമാനം - 37

**<u>ഡി.സി.പി.യു.കളിൽ, 31.12.2016 വരെയുള്ള കാലയളവിൽ ഒരു വർഷം പൂർത്തിയാക്കുന്ന ജീവന ക്കാരുടെ സേവന കാലാവധി ദീർഘിപ്പിച്ച് നൽകിയ നടപടിയ്ക്കുള്ള സാധൂകരണം:</u>**

ഡി.സി.പി.യു.കളിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർ 31.12.2016 വരെ യുള്ള കാലയളയിൽ ഒരു വർഷത്തെ സേവനം പൂർത്തിയാകുന്ന മുറയ്ക്ക് ഒരു ദിവസം ബ്രേക്ക് നൽകി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനം പ്രാബല്യത്തിൽ വരുന്നവരെ തുടരുന്നതിന് ഈ ഓഫീസിലെ 22.11.2016 ലെ ICPS 5/ 28933/16(2) ഉത്തരവ് പ്രകാരം ദീർഘിപ്പിച്ചു നൽകിയ സാമൂഹ്യനീതി ഡയറക്ടറുടെ നടപടിയ്ക്ക് യോഗം സാധൂകരണം നൽകി. ജോലി ചെയ്ത കാലയളവിലെ വേതനം ജീവനക്കാർക്ക് നൽകാവുന്നതാണെന്നും യോഗം തീരുമാനിച്ചു.

തീരുമാനം - 38

**<u>2016 നവംബർ, ഡിസംബർ , 2017 ജനുവരി മാസങ്ങളിൽ ഒരു വർഷത്തെ സേവന കാലാവധി പൂർത്തിയാക്കുന്ന ഡി.സി.പി.യു.കളിലെ ജീവനക്കാരുടെ സേവന കാലാവധി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകുന്നത് സംബന്ധിച്ച് :-</u>**

2016 നവംബർ, ഡിസംബർ, 2017 ജനുവരി എന്നീ മാസങ്ങളിൽ ഒരു വർഷത്തെ സേവന കാലാ വധി പൂർത്തിയാക്കുന്ന, ഡി.സി.പി.യു.കളിലെ 90 കരാർ ജീവനക്കാരുടെ സേവന കാലാവധി തീരുന്ന ദിവസത്തിന്റെ തൊട്ടടുത്ത ദിവസം ബ്രേക്ക് നൽകി, ഐ.സി.പി.എസ്. ഗൈഡ്‌ലൈനു വിധേയമായി ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിക്കുന്നത് സംബന്ധിച്ച തീരുമാനം കൈക്കൊള്ളാൻ ഡയറക്ടർക്ക് അനുവാദം നൽകി. വിശദവിവരം അനുബന്ധം രണ്ടിൽ നൽകിയിട്ടുണ്ട്.

കൂടാതെ സേവനം തൃപ്തികരമല്ലാത്ത മലപ്പുറം ഡി.സി.പി.യു.വിലെ ശ്രീ. യാസർ. കെ.വി.(ലീഗൽ കം പ്രൊബേഷൻ ഓഫീസർ), ശ്രീ.മുഹമ്മദ് ഷാ (കൗൺസിലർ), കോട്ടയം ഡി.സി. പി.യു.വിലെ ശ്രീമതി. നിഷ അക്കമ്മ എബ്രഹാം (സോഷ്യൽ വർക്കർ) തുടങ്ങിയവരെ വിടുതൽ ചെയ്യുവാനും യോഗം തീരുമാനിച്ചു.

തീരുമാനം - 39

**<u>വയനാട്, പത്തനംതിട്ട ജില്ലകളിലെ CWC, JJB എന്നിവിടങ്ങളിലെ അസിസ്റ്റന്റ് കം ഡാറ്റ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ ഒരു വർഷം പൂർത്തിയാക്കുന്നവരുടെ സേവന കാലാവധി ദീർഘി പ്പിക്കുന്നത് സംബന്ധിച്ച്</u>**

വയനാട്, പത്തനംതിട്ട, ഇടുക്കി CWC, JJB എന്നിവിടങ്ങളിൽ സേവന കാലാവധി പൂർത്തിയാക്കുന്ന താഴെപറയുന്ന 4 അസിസ്റ്റന്റ് കം ഡാറ്റ എൻട്രി ഓപ്പറേറ്റർമാരുടെ സേവന കാലാവധി തീരുന്ന ദിവസത്തിന്റെ തൊട്ടടുത്ത ദിവസം ബ്രേക്ക് നൽകി ഒരു വർഷത്തേയ്ക്ക്, ഐ.സി.പി.എസ്. ഗൈഡ് ലൈനു വിധേയമായി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച തീരുമാനം കൈക്കൊള്ളാൻ ഡയറക്ടർക്ക് അനുവാദം നൽകി.

| ക്രമ നം | കരാർ ജീവനക്കാരുടെ പേരും തസ്തികയും | നിലവിലുള്ള കാലാവധി തീരുന്ന തീയതി |
|---|---|---|
| 1 | ശ്രീമതി. ലീന മോൾ.കെ.എ.<br>അസിസ്റ്റന്റ് കം ഡാറ്റ എൻട്രി ഓപ്പറേറ്റർ, JJB - വയനാട് | 08.12.2016 |
| 2 | ശ്രീമതി.സാജിത എൻ.<br>അസിസ്റ്റന്റ് കം ഡാറ്റ എൻട്രി ഓപ്പറേറ്റർ,CWC- വയനാട് | 08.12.2016 |
| 3 | ശ്രീമതി. ദീപ.കെ.<br>അസിസ്റ്റന്റ് കം ഡാറ്റ എൻട്രി ഓപ്പറേറ്റർ, JJB -പത്തനംതിട്ട | 27.12.2016 |
| 4 | ശ്രീമതി. ഹണി.<br>അസിസ്റ്റന്റ് കം ഡാറ്റ എൻട്രി ഓപ്പറേറ്റർ, JJB - ഇടുക്കി | 22.01.2017 |

**തീരുമാനം - 40**

**ഓ.ആർ.സി. യൂണിസെഫ് പങ്കാളിത്തത്തോടുകൂടി ഒരു കോർഡിനേറ്ററെ നിയമിക്കുന്നത് സംബന്ധിച്ച്:-**

ഓ.ആർ.സി. യൂണിസെഫ് പങ്കാളിത്തതിന്റെ ഭാഗമായി കോർഡിനേറ്റർ- പ്രോസസ് ഡോക്യുമെന്റേഷൻ എന്ന തസ്തികയിലേയ്ക്ക് പ്രതിമാസം 20,000/- രൂപ ഹോണറേറിയം നിരക്കിൽ ഒരു വർഷത്തേയ്ക്ക് കരാറടിസ്ഥാനത്തിൽ ഒരാളെ നിയമിക്കുന്നതിനായി വീണ്ടും വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് യോഗം നിർദ്ദേശിച്ചു.

**തീരുമാനം - 41**

**ജില്ലാ ശിശു സംരക്ഷണ ഓഫീസുകളിൽ ഔട്ട് റീച്ച് വർക്കർ നിയമനം സംബന്ധിച്ച് :**

സംസ്ഥാനത്തെ ജില്ലാ ശിശു സംരക്ഷണ ഓഫീസുകളിൽ ഐ.സി.പി.എസ് മാർഗ്ഗരേഖ പ്രകാരം രണ്ട് ഔട്ട് റീച്ച് വർക്കർമാരെ പ്രതിമാസം 8000/- രൂപ വേതനത്തിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകി. ആയതിലേയ്ക്കുള്ള മിനിമം യോഗ്യത പ്ലസ്ടു ആയി നിശ്ചയിച്ചുകൊണ്ടും ജെ ജെ ഹോമുകളിൽ നിന്ന് പുറത്ത്പോയിട്ടുള്ള കുട്ടികൾക്ക് മുൻഗണനാ നൽകികൊണ്ടും DCPU ജീവനക്കാരെ നിയമിക്കുന്നതിന് തീരുമാനിച്ചു.

**തീരുമാനം - 42**

**സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി ഓഫീസിനെ ശാക്തീകരിക്കുന്നത് സംബന്ധിച്ച്:-**

സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റിയുടെ ജോലി ഭാരം പ്രാരംഭ ഘട്ടത്തിൽ ഉണ്ടായിരുന്നതിനേക്കാൾ 3 മടങ്ങോളം വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ സൊസൈറ്റിയെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി സ്റ്റേറ്റ് പ്രോജക്ട് സപ്പോർട്ട് യൂണിറ്റി (SPSU)ലെ ഒഴിഞ്ഞുകിടക്കു

ന്ന രണ്ട് പ്രോജക്ട് ഓഫീസർ തസ്തിക നികത്തുന്നതിനും ഇപ്പോൾ സേവനമനുഷ്ഠിക്കുന്ന 5 ജീവനക്കാരെ സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റിയിലേയ്ക്ക് ലയിപ്പിക്കുന്നതിനുമുള്ള പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിയ്ക്കുവാൻ നിർദ്ദേശിച്ചു.

അതോടൊപ്പം എസ്.സി.പി.എസ് ഓഫീസിൽ ക്ലറിക്കൽ വർക്ക് ചെയ്യുന്നതിന് മൂന്ന് അസിസ്റ്റന്റ് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ കരാർ/ദിവസ വേതന അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള പ്രൊപ്പോസൽ കൂടി സർക്കാരിന് സമർപ്പിയ്ക്കുവാൻ തീരുമാനിച്ചു.

**തീരുമാനം - 43**

**അംഗീകൃത ദത്തെടുക്കൽ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്ന് ഗുരുതരമായ വീഴ്ച സംഭവിക്കുമ്പോൾ വേണ്ട നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച്:-**

ജെ.ജെ. ആക്ട്/ CARA ഗൈഡ്ലൈൻ എന്നിവയ്ക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന അംഗീകൃത ദത്തെടുക്കൽ സ്ഥാപനങ്ങൾക്കെതിരെ തക്കസമയത്തുതന്നെ നടപടിയെടുക്കുന്നതു സംബന്ധിച്ച് സെക്രട്ടറിയും സാമൂഹ്യനീതി ഡയറക്ടറും അടങ്ങിയ ഒരു സമിതി ആവശ്യമുള്ളപ്പോൾ മാത്രം കൂടി തീരുമാനമെടുക്കുവുന്നതാണെന്ന് ചെയർമാൻ നിർദ്ദേശിച്ചു.

**തീരുമാനം - 44**

**തിരുവനന്തപുരം ചാല ഗവൺമെന്റ് ബോയ്സ് സ്കൂളിലും ചാല തമിഴ് സ്കൂളിലും ഓ.ആർ.സി.പദ്ധതി ആരംഭിക്കുന്നത് സംബന്ധിച്ച്:-**

തിരുവനന്തപുരം ചാല ഗവൺമെന്റ് ബോയ്സ് സ്കൂളിലും ചാല തമിഴ് സ്കൂളിലും ഓ.ആർ.സി. പദ്ധതി ആരംഭിക്കുന്നതിന് യോഗം അനുമതി നൽകി. ചാല തമിഴ്സ്കൂളിൽ ഓ.ആർ.സി. SMART-40 സഹവാസക്യാമ്പ് സംഘടിപ്പിക്കുന്നതിന് പ്രതീക്ഷിക്കുന്ന ചെലവായ 40,475/-രൂപ (നാൽപതിനായിരത്തി നാന്നൂറ്റി എഴുപത്തി അഞ്ച് രൂപ മാത്രം) അനുവദിച്ചു.

**തീരുമാനം - 45**

**ഓ.ആർ.സി. 2016-17 സാമ്പത്തിക വർഷത്തിൽ സംസ്ഥാന-ജില്ലാതല അനുദിന പ്രവർത്തനങ്ങൾക്ക് SBT അക്കൗണ്ടിലേക്ക് തുക മാറ്റി നിക്ഷേപിക്കുന്നത് സംബന്ധിച്ച് :-**

ഓ.ആർ.സി. സംസ്ഥാനതല ജീവനക്കാരുടെ യാത്രാബത്ത, പ്രോഗ്രാം ചെലവുകൾ, കരുതൽ തുക, മറ്റു ഭരണചെലവുകൾ എന്നിവയ്ക്കായി സാമൂഹ്യനീതി ഡയറക്ടറുടെ പേരിലുള്ള SBT a/c no. 67194963109 എന്ന അക്കൗണ്ടിലേയ്ക്ക് ഓ.ആർ.സി.യുടെ STSB a/c 701121400000006 ലിൽ നിന്നും 2,00,000/രൂപ (രണ്ടു ലക്ഷം രൂപ മാത്രം) മാറ്റി നിക്ഷേപിയ്ക്കുന്നതിന് അനുമതി നൽകി.

വർദ്ധിപ്പിക്കുന്നത് സംബന്ധിച്ചുള്ള പ്രൊപ്പോസൽ വീണ്ടും സർക്കാരിലേയ്ക്ക് സമർപ്പിയ്ക്കുവാൻ യോഗം നിർദ്ദേശിച്ചു.

**തീരുമാനം: 50**

**ദേശീയ ബാലികാദിനാഘോഷവും, '18' എന്ന ഷോർട്ട് ഫിലിമിന്റെ റിലീസും നടത്തുന്നത് സംബന്ധിച്ച്:-**

ദേശീയ ബാലികാദിനം സംസ്ഥാനത്ത് ആചരിയ്ക്കുന്നതിന്റെ ഭാഗമായി പബ്ലിക്ക് റിലേഷൻസ് ഡിപ്പാർട്ട്മെന്റുമായി സഹകരിച്ച് പെൺകുട്ടികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ സംബന്ധിച്ച് ഒരു മൊബൈൽ എക്സിബിഷൻ (പബ്ലിക്ക് റിലേഷൻസ് ഡിപ്പാർട്ട്മെന്റിന്റെ കാരവാനിൽ) സംഘടിപ്പിയ്ക്കുന്നു. ഈ പരിപാടിയുടെ നടത്തിപ്പിനായുള്ള 2,69,000/- രൂപ ഐ.സി.പി.എസ് സ്റ്റേറ്റ് ഫണ്ടിൽ നിന്നും ചെലവഴിക്കുവാൻ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം അനുമതി നൽകി.

**തീരുമാനം: 51**

**ജില്ലാ ശിശുസംരക്ഷണ ഓഫീസർമാരുടെ ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച്:-**

സംയോജിത ശിശുസംരക്ഷണ പദ്ധതിയുടെ ജില്ലാ യൂണിറ്റുകളിലെ ജില്ലാ ശിശുസംരക്ഷണ ഓഫീസർമാരുടെ ഒഴിവുകൾ നികത്തുന്നതിന് വകുപ്പിലെ ഗസറ്റഡ് റാങ്കിൽ രണ്ട് വർഷത്തിൽ കുറയാത്ത പ്രവർത്തിപരിചയവും MSW യോഗ്യതയും ഉള്ള ജീവനക്കാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിന് സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ നൽകുവാൻ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം അനുമതി നൽകി.

* * *

31-1-17.